(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ സൗജന്യ കംപ്യൂട്ടർ പരിശീലന പദ്ധതിയിലെ ഗുണഭോക്താക്കളായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റ് മുഴുവൻ അനുവദിച്ചു നൽകിയിട്ടുണ്ട്.

കംപ്യൂട്ടർ പരിശീലന പദ്ധതിയെ സംബന്ധിച്ച് സർക്കാർ തലത്തിൽ അവലോകനം നടക്കുന്നതിനാൽ ഈ പദ്ധതി താൽകാലികമായി നിറുത്തി വയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പട്ടികജാതി വിഭാഗത്തിനുള്ള സ്റ്റൈപ്പന്റ് വിതരണം നടന്നിട്ടില്ല.

(സി) ഫണ്ടിന്റെ അഭാവംമൂലവും ഫണ്ട് ലഭ്യമായ സ്ഥലങ്ങളിൽ പ്രതിമാസ സീലിംഗിൽ ആവശ്യാനുസരണമുള്ള തുക ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതുകൊണ്ടും ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിഞ്ഞില്ല.

(ഡി) ആവശ്യമായ ഫണ്ടും പ്രതിമാസ സീലിംഗും ലഭിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്.

പ്രൊഫഷണൽ ഹൈടെക് കോഴ്സുകൾക്കുള്ള എൻട്രൻസ് എക്സാമിനേഷന് നൽകുന്ന ധനസഹായം

133 [1820] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-2-2003-ലെ സർക്കാർ ഉത്തരവ് (സാധാ) 143/2003/പജ.പവ.വിവ. പ്രകാരം പ്രൊഫഷണൽ, ഹൈടെക് കോഴ്സുകൾക്കുള്ള എൻട്രൻസ് എക്സാമിനേഷന് തയ്യാറെടുക്കുന്നതിന് പട്ടികജാതിക്കാർക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ഏതെല്ലാം കോഴ്സുകൾക്കുവേണ്ടി 2002-03-ൽ ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് എത്ര രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടെന്നും ഇതുവരെ ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്നുമറിയിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 2002-03 സാമ്പത്തിക വർഷത്തിൽ 15-2-2003-ലെ സ.ഉ. (സാധാ) 143/2003/പജ. പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം പ്രൊഫഷണൽ ഹൈടെക് കോഴ്സുകൾക്കുള്ള എൻട്രൻസ് എക്സാമിനേഷന് തയ്യാറെടുക്കുന്നതിന് ആർക്കും ധനസഹായം അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് പട്ടികജാതി വികസന ഡയറക്ടറുടെ ശിപാർശ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 27-11-2003-ലെ സ.ഉ. (കൈ) 75/03/പജ.പവ.വിവ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 70 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. 27-11-2003-ലെ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള നടപടികൾ പൂർത്തിയാവാത്തതിനാൽ ഈ സാമ്പത്തിക വർഷം ഇതുവരെ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

134 [1821] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) പുതുതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ;

(സി) കൊല്ലം ജില്ലയിൽ ചിതറ പഞ്ചായത്തിൽ ചക്കമലയിൽ പഞ്ചായത്തു വക 8 ഏക്കർ വസ്തു സൗജന്യമായി മോഡൽ റസിഡൻഷ്യൽ സ്കൂളിനോ സ്പോർട്സ് സ്കൂളിനോ നൽകാമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അവിടെ പ്രസ്തുത സ്ഥാപനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 18-ഉം പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ 7-ഉം മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നു. അവയുടെ ലിസ്റ്റ് † അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പുതുതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങാൻ പട്ടികജാതി വികസന വകുപ്പിൽ പദ്ധതിയുണ്ട്.

(സി) കൊല്ലം ജില്ലയിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് 8 ഏക്കർ സ്ഥലം വിട്ടുതരാമെന്നുള്ള നിവേദനത്തിൻമേൽ കൊല്ലം ജില്ലാ പട്ടികജാതി വികസന ഓഫീസറോട് പട്ടികജാതി വികസന ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly